നെല്ല് സംഭരണത്തിന് നടപടി

9 [* 317] ശ്രീ. ടി. വി. ചന്ദ്രമോഹൻ :
,, കെ. എ. ചന്ദ്രൻ :
,, ഇ. എം. അഗസ്തി:
,, ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സീസണിൽ നെല്ല് സംഭരണം ഫലപ്രദമായി നടത്തുകയുണ്ടായോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത് ;

(സി) സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനോ സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനോ മുഖാന്തിരം നെല്ല് സംഭരണം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്രകാരം നെല്ല് സംഭരിക്കുന്ന സഹകരണസ്ഥാപനത്തിന് സ്വന്തമായി റൈസ് മിൽ സ്ഥാപിക്കാനും അരി വിൽക്കുന്നതിനുമുള്ള ഏർപ്പാടുണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) നെല്ല് സംഭരണം ഫലപ്രദമായി നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സീസണിൽ ആദ്യം സംഭരണത്തിന് പണം ഇല്ലാതെ വന്നതിനാൽ സംഭരണത്തിന് ബുദ്ധിമുട്ട് ഉണ്ടായി. എന്നാൽ കൂടുതൽ പണം അനുവദിച്ചതിനാൽ സ്തംഭനം മാറി വരുന്നു.

(ബി) 'എ' യിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) നെല്ല് സംഭരണത്തിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ഭക്ഷ്യ-സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് മുഖാന്തിരം എഫ്. സി. ഐ. യെക്കൊണ്ട് ഗവൺമെന്റിനു നഷ്ടമില്ലാത്ത രീതിയിൽ അരി എടുപ്പിക്കുവാനാണ് ശ്രമിച്ചുനോക്കുന്നത്.

(ഡി) കൃഷി ഡിപ്പാർട്ട്മെന്റ് ഇപ്പോൾ ആലോചിച്ചിട്ടില്ല.

"ശബരിമലയുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ"

10 [* 318] ശ്രീ. കെ. നാരായണക്കുറുപ്പ് :
,, റോഷി അഗസ്റ്റിൻ :
,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതിയുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം പ്രദേശങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) വികസനപ്രക്രിയകൾ അടിയന്തിരമായി നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

വിനോദ സഞ്ചാരവും ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): (എ, ബി) ശബരിമല വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതിയുണ്ട്. ബഹുമാനപ്പെട്ട പാർലമെന്റ് അക്കൗണ്ട്സ് കമ്മിറ്റി ശബരിമലയും മറ്റും സന്ദർശിച്ച് പഠിച്ച് നൽകിയ 63-ാമത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ശബരിമല ഉൽസവസമയത്തെ തിരക്കു നിയന്ത്രിക്കുന്നതിനും ഭക്തജനങ്ങളുടെ സൗകര്യാർത്ഥം മൊത്തത്തിലുള്ള വികസനം മുൻനിർത്തിയും 50 വർഷത്തിൽ കുറയാത്ത കാലയളവിലേക്കുവേണ്ടിയുള്ള പദ്ധതിയാണ് തയ്യാറാക്കുന്നത്.

ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന 'എക്കോ സ്മാർട്ട് ഇന്ത്യാ ലിമിറ്റഡ്' എന്ന സ്ഥാപനത്തെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) ശബരിമല, പമ്പ, നിലയ്ക്കൽ, ഉപ്പുപാറ, വണ്ടിപ്പെരിയാർ, സത്രം, എരുമേലി മുതലായ പ്രദേശങ്ങൾ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നുണ്ട്.

(ഡി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി സമർപ്പിച്ച് ആവശ്യമായ വനഭൂമി ലഭ്യമാകുന്നതിനനുസരിച്ച് വികസന പ്രവർത്തികൾ നടപ്പിലാക്കുന്നതാണ്.

മാവേലി സ്റ്റോറുകളിലൂടെ ലഭ്യമാകുന്ന സാധനങ്ങൾ വില്പന നടത്തുന്നതിന് തെരഞ്ഞെടുത്ത റേഷൻകടകൾ

11 [*319] പ്രൊഫ കെ. വി. തോമസ്:

ശ്രീ. ലൂഡി ലൂയിസ് :

,, എം. എ. ചന്ദ്രശേഖരൻ :

,, എം. മുരളി :

,, പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളിലൂടെ ലഭ്യമാക്കുന്ന സാധനങ്ങൾ റേഷൻകടവഴി വിൽക്കുന്നതിന് റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്ത് എന്ന് വ്യക്തമാക്കാമോ ; എത്ര കടകളെ ഇപ്രകാരം തെരഞ്ഞെടുത്തു ;

(ബി) പായ്ക്കു ചെയ്തതല്ലാത്ത സാധനങ്ങൾ പ്രസ്തുത കടകൾക്ക് വില്പനയ്ക്കായി നൽകുന്നുണ്ടോ ;

(സി) റേഷൻ കടകളിൽ കൂടി വിൽക്കുന്ന സാധനങ്ങളുടെ വില പത്ര പരസ്യത്തിലൂടെ പൊതുജനങ്ങളെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly